HLM-0059

The Heavenly Light Ministry

എന്നും നല്ലവൻ യേശു എന്നും നല്ലവൻ
ഇന്നലെയും ഇന്നും എന്നും അന്യനല്ലവൻ

1. ഭാരം ഉള്ളിൽ നേരിടും നേരമെല്ലാം താങ്ങിടും
'സാരമില്ലെ'ന്നോതിടും തന്മാർവ്വിലെന്നെ ചേർത്തിടും -
എന്നും....

2. സംഭവങ്ങൾ കേൾക്കവെ കമ്പം ഉള്ളിൽ ചേർക്കവെ
തമ്പുരാന്റെ തിരുവചനം ഓർക്കവെ പോം ആകവെ -
എന്നും....

3. ഉലകവെയിൽ കൊണ്ടു ഞാൻ വാടി വീഴാതോടുവാൻ
തണലെനിക്കു നൽകിടുവാൻ വലഭാഗത്തായുണ്ടു താൻ-
എന്നും....

4. രാവിലും പകലിലും ചേലൊടു തൻ പാലനം
ഭൂവിലെനിക്കുള്ളതിനാൽ മാലിനില്ല കാരണം -
എന്നും....